**Ablearns**

യൂറോപ്യന്മാരുടെ വരവ്

1) യൂറോപ്യന്മാർക്ക് ഇന്ത്യയിലേക്ക് പുതിയ കടൽമാർഗ്ഗം കണ്ടുപിടിക്കേണ്ടിവന്നതിന് കാരണം - 1453 ൽ ഒട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ (ഇസ്താംബൂൾ) പിടിച്ചെടുത്തതു മൂലം.

• ഏഷ്യയും യൂറോപ്പും തമ്മിലുള്ള കരമാർഗ കച്ചവട പാതയിലെ പ്രധാന കേന്ദ്രം ആയിരുന്നു കൊൺസ്റ്റാന്റിനോപ്പിൾ.

• പുതിയ ഭരണാധികാരികൾ അമിത നികുതി ചുമത്തി

• പട്ട്, സുഗന്ധവ്യജ്ഞനം എന്നിവയുടെ ലഭ്യത കുറഞ്ഞു.

2) കടൽ മാർഗ്ഗം ഇന്ത്യ കണ്ടെത്താനുള്ള ഔദ്യോഗിക ശ്രമം ആരംഭിച്ചത് - ക്രിസ്റ്റഫർ കൊളംബസ്

• ഇറ്റാലിയൻ ആയ കൊളംബസ് സ്പാനിഷ് ഗവൻമെന്റിന് വേണ്ടി 1492 ൽ ഇന്ത്യയിലേക്ക് കടൽ മാർഗം യാത്ര തിരിച്ചു.

3) കടൽമാർഗം ഇന്ത്യയിൽ എത്തിച്ചേർന്ന ആദ്യ യൂറോപ്യർ - പോർച്ചുഗീസുകാർ

• പോർച്ചുഗീസ് രാജാവായ മാനുവൽ ഒന്നാമന് വേണ്ടി 1497 ൽ ൽ ലിസ്ബണിൽ നിന്നും വാസ്കോ ഡ ഗാമ ഇന്ത്യയിലേക്ക് യാത്ര തിരിച്ചു.

● ആഫ്രിക്കയിലെ "ശുഭപ്രതീക്ഷാ മുനമ്പ്" ചുറ്റിസഞ്ചരിച്ച് കേരളത്തിലേക്ക് എത്തിച്ചേർന്ന ആദ്യ യൂറോപ്യൻ ശക്തി - പോർച്ചുഗീസുകാർ.

Confusing Facts

* ആഫ്രിക്കയിലെ 'ശുഭപ്രതീക്ഷാ മുനമ്പ്' (Cape of Good Hope) ചുറ്റി സഞ്ചരിച്ച ആദ്യ പോർച്ചുഗീസ് നാവികൻ -

ബർത്തലോമിയോ ഡയസ് (1488)

4) കടൽമാർഗം ഇന്ത്യയിൽ എത്തിയ ആദ്യ യൂറോപ്യൻ - വാസ്കോ ഡ ഗാമ

● അറ്റ്ലാന്റിക് സമുദ്രവും ഇന്ത്യൻ മഹാസമുദ്രവും പിന്നിട്ടാണ് വാസ്കോ ഡ ഗാമ ഇന്ത്യയിലേക്ക് എത്തിയത്.

your learning partner

Confusing Fact

* ഇന്ത്യയിലേക്ക് എത്തിയ ആദ്യ വിദേശികൾ - അറബികൾ

* കരമാർഗം ഇന്ത്യയിൽ എത്തിയ ആദ്യ പോർച്ചുഗീസ് സഞ്ചാരി - പെറോ ഡ കൊവിൽഹ

5) വാസ്കോ ഡ ഗാമ ഇന്ത്യയിൽ എത്തിയ വർഷം - 1498 മെയ് 20

6) വാസ്കോ ഡ ഗാമയ്ക്ക് ഒപ്പം കേരളത്തിലെത്തിയ പോർച്ചുഗീസ് നാവികൻ - അൽവാരോ വെൻഹോവ്

• സെന്റ് ഗബ്രിയേൽ എന്ന കപ്പലിൽ ആയിരുന്നു വാസ്കോ ഡ ഗാമ സഞ്ചരിച്ചിരുന്നത്. കൂടാതെ സെന്റ് റാഫേൽ, സെന്റ് ബെറിയോ എന്നിങ്ങനെ മറ്റ് രണ്ട് കപ്പലുകൾ കൂടെ വാസ്കോ ഡ ഗാമ യുടെ കപ്പൽ വ്യൂഹത്തിൽ ഉണ്ടായിരുന്നു.

7) വാസ്കോ ഡ ഗാമ ആദ്യമായി കപ്പലിറങ്ങിയ കേരളത്തിലെ പ്രദേശം - കോഴിക്കോട് ജില്ലയിലെ കാപ്പാട്.

• 1498-ലെ തന്റെ ആദ്യ യാത്രയിൽ ഇന്ത്യയിലെത്തിയ വാസ്കോ ഡ ഗാമ, കോഴിക്കോട്ടേക്ക് പോകുന്നതിന് മുൻപ് ഗോവയിലെ കനോണ തീരത്തിന് സമീപം, കാർവാറിന് അടുത്തുള്ള അഞ്ചിദ്വീപിൽ കപ്പലടുപ്പിച്ചിരുന്നു.

• ഇന്ത്യയിലേക്കുള്ള സമുദ്രയാത്രയിൽ പോർച്ചുഗീസുകാർക്ക് വിശ്രമിക്കാനും, കപ്പലുകളുടെ അറ്റകുറ്റപ്പണികൾ നടത്താനും, ശുദ്ധജലം ശേഖരിക്കാനും ഈ ദ്വീപ് പ്രധാന താവളമായി ഉപയോഗിച്ചിരുന്നു.

• കാപ്പാടിനെ 'കാപ്പ്യ' എന്നായിരുന്നു പോർച്ചുഗീസുകാർ വിളിച്ചിരുന്നത്.

• കോഴിക്കോടിനെ 'കലെക്കുറ്റ്' എന്നായിരുന്നു പോർച്ചുഗീസുകാർ വിളിച്ചിരുന്നത്.

ABLearns your learning partner

10) ഇന്ത്യൻ മഹാസമുദ്രത്തിന്റെ അധിപൻ/സേനിതിപതി എന്നിങ്ങനെ അറിയപ്പെട്ടിരുന്ന പോർച്ചുഗീസ് നാവികൻ - വാസ്കോ ഡ ഗാമ

11) വാസ്കോ ഡ ഗാമയെ ഇന്ത്യൻ മഹാ സമുദ്രത്തിന്റെ അധിപൻ/സേനാതിപതി എന്നിങ്ങനെ വിശേഷിപ്പിച്ചത് - മാനുവൽ രാജാവ് ഒന്നാമൻ

- കേരളവുമായി കച്ചവടബന്ധം സ്ഥാപിക്കുന്നതിനു വേണ്ടി വാസ്കോ ഡ ഗാമ കോഴിക്കോട് സാമൂതിരിയെ സന്ദർശിച്ചെങ്കിൽ അദ്ധേഹം എതിർപ്പ് പുറപ്പെടുവിച്ചു.

- തുടർന്ന് 1498 ആഗസ്റ്റിൽ കണ്ണൂർ കോലത്തിരിയുടെ ക്ഷണം സ്വീകരിച്ച് വാസ്കോ ഡ ഗാമ കണ്ണൂരിൽ എത്തുകയും അവിടെ നിന്ന് കോലത്തിരിയുടെ അനുമതിയോടെ പട്ട്, സുഗന്ധവ്യഞ്ജനങ്ങൾ മുതലായ ചരക്കുകളുമായി 1499 ൽ ലിസ്ബണിൽ തിരിച്ചെത്തുകയും ചെയ്തു.

abLearns
your learning partner

12) വാസ്കോ ഡ ഗാമ യുടെ പിൻഗാമി ആയി ഇന്ത്യയിൽ എത്തിയ പോർച്ചുഗീസ് നാവികൻ - പെഡ്രോ അൽവാരസ്സ് കബ്രാൾ

13) പെഡ്രോ അൽവാരസ്സ് കബ്രാൾ കേരളത്തിലെത്തിയ വർഷം - 1500

14) കേരളത്തിൽ വ്യാപാരശാല നിർമ്മിക്കുന്നതിന് വേണ്ടി സാമൂതിരിയുടെ അനുമതി തേടിയ കബ്രാളിന്റെ പ്രതിനിധി - ഐറെസ് കൊറിയ

15) കൊച്ചിയിൽ വ്യാപാരശാല നിർമ്മിക്കുവാൻ ഉടമ്പടി ഒപ്പുവച്ച പോർച്ചുഗീസ് നാവികൻ - പെഡ്രോ അൽവാരസ്സ് കബ്രാൾ

16) ഇന്ത്യയുമായി കച്ചവടബന്ധം സ്ഥാപിച്ച കത്തോലിക്ക മത വിഭാഗക്കാർ - പോർച്ചുഗീസുകാർ

17) കബ്രാളിന്റെ പിൻഗാമി ആയി ഇന്ത്യയിലേക്ക് എത്തിയ പോർച്ചുഗീസ് നാവികൻ - ജവോ ഡ നോവ

• കോഴിക്കോട് സാമൂതിരിയുടെ ശത്രുതയെ കുറിച്ച് ധാരണ ഉണ്ടായിരുന്ന ജവോ ഡ നോവ കൊച്ചിയും കണ്ണൂരും മാത്രമാണ് സന്ദർശിച്ചത്.

AbLearns
your learning partner

18) വാസ്കോ ഡ ഗാമ രണ്ടാമതായി കേരളത്തിലെത്തിയ വർഷം - 1502

19) കൊച്ചി-കോഴിക്കോട് യുദ്ധം നടന്ന വർഷം - 1503

• രണ്ടാമതായി കേരളത്തിലേക്ക് എത്തിയ വാസ്കോ ഡ ഗാമ ഇന്ത്യൻ മഹാസമുദ്രത്തിൽ കണ്ട എല്ലാ അറബിക്കപ്പലുകളും പിടിച്ചെടുത്തു.

• കണ്ണൂർ സന്ദർശിക്കുകയും കൊച്ചിയിലെ വിലയ്ക്ക് ചരക്കുകൾ വിൽക്കാമെന്ന് കോലത്തിരിയുമായി ഉടമ്പടി ഉണ്ടാക്കുകയും ചെയ്തു.

• സാമൂതിരിയെ സന്ദർശിച്ച് കോഴിക്കോട് നിന്നും എല്ലാ മുസ്ലീങ്ങളെയും പറഞ്ഞയക്കണമെന്ന് ആവശ്യപ്പെട്ടു. സാമൂതിരി

നിരസിച്ചതിനെ തുടർന്ന് കോഴിക്കോട് നഗരം ആക്രമിച്ചു. തുറമുഖത്തു കിടന്നിരുന്ന അരിക്കപ്പലുകൾ പിടിച്ചെടുത്ത് കപ്പൽ ജോലിക്കാരെ ആക്രമിച്ചു.

- കൊച്ചി രാജാവിനെ സന്ദർശിച്ച് കൊച്ചിയിൽ വ്യാപാരശാലകളും സൈനിക സങ്കേതങ്ങളും സ്ഥാപിക്കുന്നതിനും പോർച്ചുഗീസ് കപ്പിത്താനും കൊച്ചിരാജാവും നിശ്ചയിക്കുന്ന വിലയ്ക്ക് ചരക്കുകൾ വില്ക്കാമെന്നും വ്യവസ്ഥ ചെയ്ത് ഉടമ്പടി ഒപ്പു വച്ചു.

- കൊച്ചി രാജാവും പോർച്ചുഗീസുകാരും തമ്മിൽ വളർന്നു വന്ന സൗഹൃദം കോഴിക്കോട് സാമൂതിരിയെ അസ്വസ്ഥനാക്കി. എല്ലാ പോർച്ചുഗീസുകാരെയും കൊച്ചിയിൽ നിന്ന് പറഞ്ഞയയ്ക്കണമെന്ന് സാമൂതിരി അയച്ച സന്ദേശം കൊച്ചി രാജാവ് നിരസിച്ചു.

- തുടർന്ന് 1503 മാർച്ച് 1 ന് കോഴിക്കോട് സൈന്യം കൊച്ചിയിലേക്ക് നീങ്ങി. തുടർന്നുള്ള യുദ്ധത്തിൽ കൊച്ചിക്ക് വൻനാശനഷ്ടമുണ്ടായി കൂടാതെ കൊച്ചിയിലെ 3 രാജാക്കാന്മാർ മരണപ്പെട്ടു.

your learning partner

- യുദ്ധഭയത്തെ തുടർന്ന് കൊച്ചി രാജാവ് അഭയം തേടിയ ക്ഷേത്രം - എളങ്ങുന്നപ്പുഴ ക്ഷേത്രം

- സാമൂതിരിയുടെ സൈന്യത്തെ നേരിടാൻ കൊച്ചിയിലെത്തിയ പോർച്ചുഗീസ് നാവിക വിഭാഗത്തിന് നേതൃത്വം നൽകിയത് - ഫ്രാൻസിസ്കോ അൽബുക്കർക്ക്

- 1503 ൽ ഇന്ത്യയിലെ ആദ്യ യൂറോപ്യൻ കോട്ടയായ പള്ളിപ്പുറം കോട്ട (1503) നിർമ്മിച്ചത് അൽബുക്കർക്ക് ആണ്.

• കൊച്ചി തുറമുഖത്തേക്കുള്ള കപ്പലുകളുടെ വരവും പോക്കും നിരീക്ഷിക്കാനും, ശത്രുക്കളുടെ ആക്രമണങ്ങളെ ചെറുക്കാനും, കോട്ടയുടെ താഴത്തെ നില വെടിമരുന്ന് സൂക്ഷിക്കുന്നതിനായി ഉപയോഗിച്ചു.

20) പോർച്ചുഗീസ് അധീനതയിലുള്ള പ്രദേശങ്ങളുടെ ആദ്യത്തെ വൈസ്രോയി ആയി ഇന്ത്യയിലേക്ക് എത്തിയത് - ഫ്രാൻസിസ്കോ ഡി അൽമേഡ (1505)

21) ഇന്ത്യയിലെ ആദ്യത്തെ പോർച്ചുഗീസ് വൈസ്രോയി ആയിരുന്ന ഫ്രാൻസിസ്കോ ഡി അൽമേഡ 1505 ൽ കണ്ണുരിൽ നിർമ്മിച്ച കോട്ട - സെന്റ് ആഞ്ചലോ കോട്ട (കണ്ണൂർ കോട്ട)

22) 'നീലജല നയം' (Blue Water Policy) നടപ്പിലാക്കിയ പോർച്ചുഗീസ് വൈസ്രോയി - ഫ്രാൻസിസ്കോ ഡി അൽമേഡ

• ശക്തമായ നാവികപ്പടയെ വളർത്തിയെടുക്കുന്നതിലൂടെ സമുദ്ര മേധാവിത്വം സ്ഥാപിച്ച് പോർച്ചുഗീസ് വ്യാപാരം വളർത്തുക എന്ന നയം

23) ഇന്ത്യയുടെ ഏതെങ്കിലും ഭാഗങ്ങളുമായി മറ്റു കപ്പലുകൾ വ്യാപാരം നടത്തുന്നത് തടയുന്നതിനു വേണ്ടി പോർച്ചുഗീസ് ഉദ്യോഗസ്ഥർ നൽകിയിരുന്ന പാസ് അറിയപ്പെട്ടിരുന്നത് - കാർട്ടസ്

24) അൽമേഡ ഇന്ത്യയിൽ നിന്നും തിരിച്ചുപോയ വർഷം - 1509

25) ഇന്ത്യയിലെ രണ്ടാമത്തേതും ഏറ്റവും ശക്തനുമായ പോർച്ചുഗീസ് വൈസ്രോയി - അൽബുക്കർക്ക് (1509)

26) ഇന്ത്യയിൽ പോർച്ചുഗീസ് സാമ്രാജ്യത്തിന്റെ സ്ഥാപകനായി അറിയപ്പെടുന്നത് - അൽബുക്കർക്ക്

- ഇന്ത്യയിൽ പോർച്ചുഗീസ് കോളനിവത്കരണത്തിന് നേതൃത്വം നൽകി.
- പോർച്ചുഗീസുകാരും ഇന്ത്യാക്കാരും തമ്മിലുള്ള വിവാഹത്തെ (മിശ്രകോളനി വ്യവസ്ഥ) പ്രോത്സാഹിപ്പിച്ചു.
- വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി.
- നീതിപരിപാലനം കർശനമാക്കി
- ഇന്ത്യക്കാരെ സ്വന്തം സൈന്യത്തിൽ ചേർത്ത് യൂറോപ്യൻ മാതൃകയിൽ പരിശീലനം നൽകി.

- ഭാരതീയ സ്ത്രീകളെ വിവാഹം കഴിക്കാൻ പോർച്ചുഗീസുദ്യോഗസ്ഥരെ പ്രേരിപ്പിച്ചു.

ABLearns your learning partner

27) അൽബുക്കർക്ക് ബീജാപൂർ സുൽത്താനിൽ (മുഹമ്മദ് ആദിൽ ഷാ) നിന്നും ഗോവ പിടിച്ചെടുത്ത വർഷം - 1510

28) പോർച്ചുഗീസ് ആസ്ഥാനം കൊച്ചിയിൽ നിന്നും ഗോവയിലേയ്ക്ക് മാറ്റിയ വൈസ്രോയി - അൽബുക്കർക്ക്

29) കോഴിക്കോട് നഗരം ആക്രമിച്ച പോർച്ചുഗീസ് വൈസ്രോയി - അൽബുക്കർക്ക്

30) കോഴിക്കോട് നഗരത്തെ ആക്രമിക്കാൻ ആരുടെ നേതൃത്വത്തിലുള്ള സൈന്യത്തെയാണ് അൽബുക്കർക്ക് നിയോഗിച്ചത് - മാർഷൽ കുട്ടിൻഹോ

- യുദ്ധത്തിൽ കുട്ടിൻഹോ വധിക്കപ്പെട്ടു.

തുടർന്ന് കോഴിക്കോടുമായുള്ള ശത്രുത അവസാനിപ്പിച്ചു.

30) സാമൂതിരിയുമായി അൽബുക്കർക്ക് ഉടമ്പടി ഒപ്പുവച്ച വർഷം - 1513

31) അൽബുക്കർക്ക് അന്തരിച്ചത് - 1515

AbLearns
your learning partner

32) വാസ്കോ ഡ ഗാമ പോർച്ചുഗീസ് വൈസ്രോയി ആയി ഇന്ത്യയിലേക്ക് എത്തിയ വർഷം - 1524 ൽ ഗോവയിൽ

33) 'വാസ്കോ ഡ ഗാമ' എന്ന സ്ഥലം സ്ഥിതി ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനം - ഗോവ

- 1524 ൽ ആണ് വാസ്കോ ഡ ഗാമ കേരളത്തിൽ എത്തിയത്.

- 1524 ഡിസംബർ 24 ന് അന്തരിച്ചു. തുടർന്ന് കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളിയിൽ അടക്കം ചെയ്യുകയും 1539 ൽ ഭൗതികശരീരം കൊച്ചിയിൽ നിന്നും ലിസ്ബണിലേക്ക് കൊണ്ടുപോവുകയും ചെയ്തു.

34) പറങ്കികൾ എന്ന് അറിയപ്പെട്ടിരുന്ന വിദേശികൾ - പോർച്ചുഗീസുകാർ

35) ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയ യൂറോപ്യർ - പോർച്ചുഗീസുകാർ

- 1498 മുതൽ 1961 വരെ ഏകദേശം 463 വർഷം ഇന്ത്യയിൽ പോർച്ചുഗീസ് സാനിദ്ധ്യം ഉണ്ടായിരുന്നു.

36) ഇന്ത്യയിൽ പോർച്ചുഗീസ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിതം ആയത് - 1628

- ഗോവ, ദാമൻ, ദിയു എന്നിവിടങ്ങൾ ആയിരുന്നു ഇന്ത്യയിലെ പ്രധാന പോർച്ചുഗീസ് വാണിജ്യ കേന്ദ്രങ്ങൾ

37) ഇന്ത്യയിലെ അവസാനത്തെ (128 മത്തെ) പോർച്ചുഗീസ് ഗവർണർ ജനറൽ - അന്റോണിയോ വാസലോ ഇ സിൽവ (1958 - 1961)

38) പോർച്ചുഗീസുകാരിൽ നിന്നും ഗോവയെ മോചിപ്പിക്കുന്നതിനായി 1961 ൽ ഇന്ത്യ നടത്തിയ സൈനിക നടപടി അറിയപ്പെടുന്നത് - ഓപ്പറേഷൻ വിജയ്

39) ഗോവയിലെ സൈനിക നടപടിയെ പോലീസ് ആക്ഷൻ എന്ന് വിശേഷിപ്പിച്ചത് - വി.കെ കൃഷ്ണമേനോൻ

abLearns your learning partner

40) ആദ്യമായി ഇന്ത്യയിലേക്ക് എത്തിയതും അവസാനമായി ഇന്ത്യവിട്ട് പോയതുമായ യൂറോപ്യൻ ശക്തി - പോർച്ചുഗീസുകാർ

41) ഇന്ത്യയിലെ ഔഷധ സസ്യങ്ങളെയും സുഗന്ധ ദ്രവ്യങ്ങളെയും കുറിച്ച് പുസ്തകം എഴുതിയ പോർച്ചുഗീസ് ഭിഷഗ്വരൻ - ഗാർഷ്യ ദ ഓർത്ത

42) പോർച്ചുഗൽ രാജാവ് ഇംഗ്ലണ്ടിലെ ചാൾസ് രണ്ടാമന് സ്ത്രീധനമായി നൽകിയ പ്രദേശം - ബോംബെ

AbLearns
your learning partner